'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATHA

കേരള സർക്കാർ

സംഗ്രഹം

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം.2066/2019/റവ. തീയതി,തിരുവനന്തപുരം, 27/07/2019

പരാമർശം:- 1 14/08/2018-ലെ സ.ഉ (സാധാ) നം.955/2018 പജാപവവിവ

2 21.08.2018 ലെ സ.ഉ (സാധാ) നം.3482/2018 റവ

3 1/06/2019-ലെ സ.ഉ (സാധാ) നം.473/2019 പജാപവവിവ.

ഉത്തരവ്

2018 ഓണക്കാലത്ത് സംസ്ഥാനത്തെ 60 വയസ്സു മുതൽ പ്രായമുള്ള പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് സൗജന്യ ഓണക്കോടി വിതരണം ചെയ്യുന്നതിനും ആയതിലേക്ക് ആവശ്യമായ തുകയായ 4,87,92,419/- (നാല് കോടി എൺപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാന്നൂറ്റി പത്തൊൻപത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഹാൻഡക്സിന് അനുവദിക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവാകുകയും തുടർന്ന് ടി 4,87,92,419/- (നാല് കോടി എൺപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാന്നൂറ്റി പത്തൊൻപത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം (2) പ്രകാരം ഹാന്റക്സ് മാനേജിംഗ് ഡയറക്ടർക്ക് അനുവദിക്കുകയും ചെയ്തു. എന്നാൽ സുൽത്താൻ ബത്തേരി പട്ടികവർഗ്ഗ ഓഫീസിനു കീഴിൽ വരുന്ന പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഓണക്കോടി വിതരണം ചെയ്ത വകയിലുള്ള 4,90,749/ രൂപയുടെ കണക്ക് ഉൾപ്പെടുത്താൻ കഴിഞ്ഞില്ലെന്നും ടി തുക കൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകണമെന്നും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർഥിക്കുകയും തുടർന്ന് പരാമർശം (3) പ്രകാരം ടി തുക കൂടി ഉൾപ്പെടുത്തി 4,92,83,168/- രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും ആയത് പ്രകാരം ഇതിനോടകം അനുവദിച്ച 4,87,92,419/- രൂപ (നാല് കോടി എൺപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാന്നൂറ്റി പത്തൊൻപത് രൂപ മാത്രം) കിഴിച്ച് ശേഷിക്കുന്ന 4,90,749/- രൂപ ( നാല് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി നാൽപത്തിയൊൻപത് രൂപ മാത്രം) കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഹാന്റക്സിന് അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം അധികമായി നൽകേണ്ട 4,90,749 /-രൂപ ( നാല് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി നാൽപത്തിയൊൻപത് രൂപ മാത്രം) കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പ്രസ്തുത ആവശ്യത്തിലേക്കായി വേണ്ടി വരുന്ന 4,90,749/- രൂപ ( നാല് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി നാൽപത്തിയൊൻപത് രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഹാന്റക്സ് മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ഹാന്റക്സ്, തിരുവനന്തപുരം

പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും നിയമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

റവന്യൂ (ഡിആർഎഫ്--ബി,/സി വകുപ്പ്)

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി)വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ